പുത്തൻപീടിക–ഇലത്തൂർ റോഡ്.

281. [18] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ടതാലൂക്കിൽ പുത്തൻപീടിക–ഇലത്തൂർ റോഡ് ഗവണ്മെന്റ് ഏറ്റെടുക്കാമെന്നു കാണിച്ച് വല്ല നിവേദനവും ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതേപ്പറ്റി എന്തു നടപടി സ്വീകരിച്ചു?

ഉത്തരം.

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പ്രാക്കാനം–ഇലവുന്തിട്ട റോഡ്.

282. [19] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട താലൂക്കിൽപ്പെട്ട പ്രാക്കാനം–ഇലവുന്തിട്ട റോഡ് ഗവണ്മെന്റ് ഏറ്റെടുക്കാമെന്നു കാണിച്ച് വല്ല നിവേദനവും ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ അതേപ്പറ്റി എന്തു നടപടി എടുത്തിട്ടുണ്ട് ?

ഉത്തരം.

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

റോഡ് ടാറിംഗ്

283. [20] ശ്രീ കെ. എ. ശിവരാമഭാരതി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ടാറിംഗ് തീരെ നടത്തിയിട്ടില്ലാത്ത റോഡുകളും ഉള്ള താലൂക്കുകളും തിരുവിതാംകൂർ-കൊച്ചിയിൽ എത്രയുണ്ട് ;

(ബി) ചിറയൻ താലൂക്ക് അവയിൽ ഉൾപ്പെട്ടതാണോ ;

(സി) ടാറിംഗ് നടത്തിയിട്ടില്ലാത്ത താലൂക്കുകളിൽ ടാറിംഗ് നടത്തുന്നതിനു ഉടൻതന്നെ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ അങ്ങനെ ചെയ്യുമോ ?

ഉത്തരം.

(എ) ഒന്ന്.

(ബി) ഉൾപ്പെട്ടതാണ്.

(സി) ഉദ്ദേശിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly